## 2008-ലെ കേരള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിർണ്ണയിക്കുന്നതിനുള്ള ബിൽ

### ഒരു
### ബിൽ

*പീഠിക.*—ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ സംരക്ഷിക്കുന്നതിനും അവരുടെ ഉന്നമനത്തിനുമായി പല പദ്ധതികളും കേന്ദ്രസർക്കാരും കേരളസർക്കാരും മറ്റു സംഘടനകളും നടത്തി വരുന്നതിനാലും;

ആയതിലേക്കായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം വിവരിച്ചുകൊണ്ട് ഒരു നിയമം കൊണ്ടുവരുന്നത് യുക്തമായിരിക്കുമെന്ന് സർക്കാരിന് ബോദ്ധ്യം വന്നതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിഒൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം ഒരു നിയമം ഉണ്ടാക്കുന്നു.

1. *ചുരുക്കപ്പേരും പ്രാരംഭവും.*—(1) ഈ ആക്റ്റിനെ ———-ലെ കേരള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിർണ്ണയിക്കുന്നതിനുള്ള ആക്റ്റ് എന്ന് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. *നിർവചനങ്ങൾ.*—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം.—(1) 'തദ്ദേശസ്ഥാപനം' എന്നാൽ 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു പഞ്ചായത്തെന്നോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു മുനിസിപ്പാലിറ്റി എന്നോ അർത്ഥമാക്കുന്നു.

(2) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റിന്റെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിൽ പറയുന്ന പ്രകാരം.

(3) 'വെയിറ്റേജ് മാർക്ക്' എന്നാൽ ഈ ആക്റ്റിന്റെ അനുബന്ധം രണ്ടാം കോളത്തിൽ പറയുന്ന മാർക്ക്.

3. *ദരിദ്രവിഭാഗം കുടുംബം.*—ഈ ആക്റ്റിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ വിവരിക്കുന്ന സൂചകങ്ങൾ പ്രകാരം ഓരോ കുടുംബത്തിന്റേയും വെയിറ്റേജ് മാർക്ക് നിശ്ചയിക്കേണ്ടതും, അങ്ങനെ നിശ്ചയിക്കുമ്പോൾ 18 മുതൽ 25 വരെ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളെ ദരിദ്രവിഭാഗം കുടുംബങ്ങളായി കണക്കാക്കേണ്ടതുമാണ്.

4. *അതിദരിദ്രവിഭാഗം.*—ഈ ആക്റ്റിൽ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ വിവരിക്കുന്ന സൂചകങ്ങൾ പ്രകാരം ഓരോ കുടുംഹബത്തിന്റേയും വെയിറ്റേജ് മാർക്ക് നിശ്ചയിക്കേണ്ടതും, അങ്ങനെ നിശ്ചയിക്കുമ്പോൾ 26 മുതൽ 100 വരെ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളെ അതിദരിദ്രവിഭാഗം കുടുംബങ്ങളായി കണക്കാക്കേണ്ടതുമാണ്.

5. *ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുബങ്ങളെ നിർണ്ണയിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ സമർപ്പിക്കണമെന്ന്.*—(1) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിർണ്ണയിക്കുന്നതിനായി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ അതാത് കുടുംബം സ്ഥിതിചെയ്യുന്ന സ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) ഒന്നാം ഉപവകുപ്പുപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധന നടത്തി അർഹരായ അനുവദിച്ചുകൊണ്ട് പ്രസിദ്ധീകരിക്കേണ്ടതാണ്.

(3) കരട് പട്ടികയുടെ മേലുള്ള അഭിപ്രായങ്ങളും ആക്ഷേപങ്ങളും പരിശോധിച്ച് തീരുമാനം അതാത് അപേക്ഷകരെ അറിയിക്കേണ്ടതാണ്.

(4) മൂന്നാം ഉപവകുപ്പു പ്രകാരമുള്ള തീരുമാനത്തിൽ ആക്ഷേപമുള്ളവർക്ക് നിശ്ചിത സമയത്തിനുള്ളിൽ നിർണ്ണയിക്കപ്പെട്ട അധികാരിക്ക് അപ്പീൽ നൽകാവുന്നതാണ്.

(5) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ (1)-ാം ഉപവകുപ്പു പ്രകാരം ലഭിക്കുന്ന അപേക്ഷകൾ ഉപവകുപ്പുകൾ (2), (3), (4)-ൽ പറയുന്ന നടപടികൾക്കുശേഷം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ അസ്സൽ പട്ടിക എല്ലാവർഷവും ജനുവരി 1-ാം തീയതി പ്രസിദ്ധീകരിക്കേണ്ടതാണ്.

(6) കേന്ദ്രസർക്കാരും കേരളസർക്കാരും മറ്റു സംഘടനകളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കായി ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ ഉപഭോക്താക്കൾ 5-ാം വകുപ്പ് (5) ഉപവകുപ്പുപ്രകാരമുള്ള പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾ ആയിരിക്കും.

(7) *ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.*—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(8) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും, അതുണ്ടാക്കിയ തിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നോ, ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ, ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതി പോലെ, അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ

അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ഈ ആക്റ്റ് പ്രകാരം മുൻപുചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

| അനുബന്ധം | | വെയിറ്റേജ് മാർക്ക് |
|---|---|---|
| സൂചകങ്ങൾ (എ) | | |
| 1. സ്ത്രീ ഗൃഹനാഥയായ കുടുംബം (65 വയസ്സിനു താഴെ) | .. | 5 |
| 2. അവിവാഹിതയായ അമ്മ /ഭർത്താവ് ഉപേക്ഷിച്ച സ്ത്രീ /വിധവ | .. | 5 |
| 3. മാരകമായ രോഗങ്ങൾ—ക്യാൻസർ, വൃക്കകളുടെ തകരാറ്, പക്ഷാഘാതം, എയിഡ്സ്, സ്ഥിരമായ കുഷ്ഠം, ഹൃദ്രോഗം എന്നിവ | .. | 5 |
| 4. സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലോ സ്വകാര്യ മേഖലയിലോ ഒരാൾക്കുപോലും സ്ഥിരമായ ജോലിയില്ലാത്ത കുടുംബം | .. | 5 |
| 5. സ്ക്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ചവർ (20 വയസ്സിനു താഴെ) | .. | 5 |
| 6. ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ | .. | 10 |
| 7. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം | ഏതെങ്കിലും ഒരു വിഭാഗം മാത്രം | |
| 8. പരമ്പരാഗത മൽസ്യത്തൊഴിലാളി /കശുവണ്ടി, കയർ, കൈത്തറി, ബീഡി, ഈറ, പനമ്പ്, മുള, കല്ലുപണി മേഖലകളിലെ തൊഴിലാളി / ഗ്രാമീണ മേഖലകളിലെ ഇതര തൊഴിലാളി / തോട്ടം മേഖലയിലെ താൽക്കാലിക തൊഴിലാളി | .. | 10 |
| 9. ആശ്രയ ഗുണഭോക്താവ് | .. | 5 |
| ആകെ (എ) | .. | 55 |

ഏതെങ്കിലും ഒന്നു മാത്രം

| അനുബന്ധം | | വെയിറ്റേജ് മാർക്ക് | |
|---|---|---|---|
| സൂചകങ്ങൾ (ബി) | | | |
| 1. വീട് വയ്ക്കുന്നതിന് ഭൂമിയില്ല | .. | 10 | ഏതെങ്കിലും ഒന്നുമാത്രം |
| 2. പുറമ്പോക്കിൽ താമസിക്കുന്നവർ | .. | 20 | |
| 3. വീടിന്റെ സ്ഥിതി | | | |
| (എ) വീടില്ല | .. | 10 | |
| (ബി) കുടിൽ | .. | 7 | |
| (സി) ഓല /പുല്ലുമേഞ്ഞത് | .. | 5 | |
| (ഡി) ഭാഗീകമായി പൂർത്തിയായത് / ജീർണ്ണിച്ചത് | .. | 3 | |
| 4. സുരക്ഷിതമായ കക്കൂസില്ല | .. | 5 | |
| 5. 500 മീറ്റർ ചുറ്റളവിൽ കുടിവെള്ളം ലഭ്യമല്ല / കുന്നിൻപ്രദേശങ്ങളിൽ 100 മീറ്ററിനുള്ളിൽ കുടിവെള്ളം ലഭ്യമല്ല | .. | 5 | |
| 6. വൈദ്യുതി ലഭ്യമല്ല | .. | 5 | |
| ആകെ (ബി) പരമാവധി | .. | 45 | |
| ആകെ (എ +ബി) പരമാവധി | .. | 100 | |

## ഉദ്ദേശകാരണങ്ങൾ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പലവിധത്തിലുള്ള സംരക്ഷണങ്ങൾ നൽകുന്നതിനും അവരുടെ സർവ്വതോമുഖമായ ഉന്നമനത്തിനുമായി പല പദ്ധതികളും കേന്ദ്രസർക്കാരും കേരള സർക്കാരും മറ്റു സംഘടനകളും നടത്തി വരുന്നുണ്ട്. ആയതിലേക്കായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയും അവരിൽപ്പെടാതെയുള്ള മറ്റു ദരിദ്ര വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളേയും നിർണ്ണയിക്കുവാൻ സർക്കാർ പലപ്പോഴുമായി ഉത്തരവുകൾ ഇറക്കുകയാണ് നിലവിലുള്ള പതിവ്. ആശാവഹമല്ലാത്ത ആ നില മാറ്റി ഈ കാര്യത്തിൽ ഉചിതമായ നിയമവ്യവസ്ഥകൾ ഉണ്ടാക്കുക എന്നുള്ളതാണ് ഈ നിയമത്തിന്റെ ഉദ്ദേശ കാരണങ്ങൾ.

********